"ഭരണഭാഷ – മാതൃഭാഷ"

PAN/8194/2020-D5(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഒ. , 695033 ,**
**തിരുവനന്തപുരം**
directorofpanchayat@gmail.com
**0471-2323286 തീയതി : 22/07/2020**

## സർക്കുലർ

**വിഷയം:** പഞ്ചായത്ത് വകുപ്പ് – ഭരണ ജാഗ്രത – സസ്പെൻഷനിൽ ആയ ജീവനക്കാരുടെ ഔദ്യോഗിക ഐ.ഡി. (തിരിച്ചറിയൽ കാർഡ്), ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ( DSC Dongle), CUG മൊബൈൽ Sim Card, IKM സോഫ്റ്റ് വെയർ ലോഗിൻ ഐ.ഡി, ഔദ്യോഗിക സീൽ എന്നിവ സറണ്ടർ ചെയ്യുന്നത്- സർക്കുലർ പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ സസ്പെൻഷനിൽ ആകുന്ന വേളയിൽ അവരുടെ ഔദ്യോഗിക ഐ .ഡി. കാർഡ് (തിരിച്ചറിയൽ കാർഡ്), ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ( DSC Dongle), I സോഫ്റ്റ് വെയർ ലോഗിൻ ഐ.ഡി, മൊബൈൽ CUG Sim Card, ഔദ്യോഗിക സീൽ തുടങ്ങിയവ സറണ്ടർ ചെയ്യാതെ അവരുടെ കൈവശം വച്ച് ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴിമതി രഹിതവും, കാര്യക്ഷമവും, സുതാര്യവുമായ ഒരു സിവിൽ സർവ്വീസ് സംവിധാനം എന്ന ലക്ഷ്യപ്രാപ്തിയ്ക്ക് ടി പ്രവർത്തികൾ വിഘാതം സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരം പ്രവണതകൾ പഞ്ചായത്ത് വകുപ്പിനു അവമതിപ്പ് ഉണ്ടാക്കുകയും ചെയ്യുവാൻ ഇടയാകും എന്ന് വീക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ പ്രകാരം സസ്പെൻഷനിൽ ആകുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ താഴെ പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1) ഓഫീസ് അറ്റൻഡൻറ് മുതൽ ജൂനിയർ സൂപ്രണ്ട് വരെയുള്ള ജീവനക്കാർ സസ്പെൻഷൻ ആകുന്ന വേളയിൽ അവരുടെ ഔദ്യോഗിക ഐ .ഡി (തിരിച്ചറിയൽ കാർഡ് ), ഔദ്യോഗിക സീൽ തുടങ്ങിയവ ഓഫീസ് മേധാവിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും ആയത് സംബന്ധിച്ച വിവരം ഗ്രാമ

പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ച അധികാരിയെ അറിയിക്കേണ്ടതുമാണ്.

2) അസിസ്റ്റൻറ് സെക്രട്ടറി സസ്പെൻഷൻ ആകുന്ന വേളയിൽ ടിയാളുടെ ഔദ്യോഗിക ഐ.ഡി (തിരിച്ചറിയൽ കാർഡ് ) ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ( DSC Dongle), ഔദ്യോഗിക സീൽ തുടങ്ങിയവ ഓഫീസ് മേധാവിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും ആയത് സംബന്ധിച്ച വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ച അധികാരിയെ അറിയിക്കേണ്ടതുമാണ്.

3) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സസ്പെൻഷൻ ആകുന്ന വേളയിൽ ഔദ്യോഗിക ഐ.ഡി. (തിരിച്ചറിയൽ കാർഡ് ) ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ( DSC Dongle) Mobile CUG SIM Card ഔദ്യോഗിക സീൽ തുടങ്ങിയവ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കേണ്ടതും ആയത് സംബന്ധിച്ച വിവരം രേഖാമൂലം സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ച അധികാരിയെ അറിയിക്കേണ്ടതുമാണ് . കൂടാതെ സെക്രട്ടറി ഉപയോഗിച്ചുവരുന്ന സേവന, സാംഖ്യ, സങ്കേതം, സകർമ്മ, സൂചിക, സഞ്ചയ തുടങ്ങിയ എല്ലാവിധ ഓൺലൈൻ ലോഗിൻ ഐഡികളും ഐ.കെ.എം. മുഖാന്തിരം താത്കാലികമായി ബ്ലോക്ക് ചെയ്യേണ്ടതും, ആയതിനു ഐ.കെ.എം ജില്ലാ ടെക്നിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതും ടി വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്. ടി സെക്രട്ടറി സേവനത്തിൽ പുനഃപ്രവേശിക്കുന്ന വേളയിൽ പുതിയ ലോഗിൻ, പാസ് വേർഡ് എന്നിവ അനുവദിക്കേണ്ടതാണ്.

4) പെർഫോമൻസ് ആഡിറ്റ് യൂണിറ്റിലേയും, എഡിപി, ഡിഡിപി ഓഫീസിലേയും, പഞ്ചായത്ത് ഡയറക്ടറേറ്റിലേയും അനുബന്ധ വിഭാഗങ്ങളിലേയും ജീവനക്കാർ അവരവരുടെ ഔദ്യോഗിക ഐ.ഡി (തിരിച്ചറിയൽ കാർഡ് ) ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ( DSC Dongle) Mobile CUG SIM Card ഔദ്യോഗിക സീൽ തുടങ്ങിയവ സസ്പെൻഷൻ ആകുന്ന വേളയിൽ ഓഫീസ് മേധാവി മുമ്പാകെ ഏൽപ്പിക്കേണ്ടതാണ്.

ടി നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരിലേയ്ക്കും എത്തുന്നുവെന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

DR.P.K.JAYASREE IAS
DIRECTOR OF PANCHAYATH

<u>പകർപ്പ്:-</u>

1. ഈ ഓഫീസിലെ എല്ലാ ജീവനക്കാർക്കും ( ബന്ധപ്പെട്ട ഓഫീസ് മേധാവികൾ മുഖേന)
2. ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് ( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന )
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് , പഞ്ചായത്ത് ഡയറക്ടറേറ്റ്
5. ഈ ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും ബ്രാഞ്ച് ഓഫീസർമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ/ അഡി: ഡയറക്ടർ/ ജോ: ഡയറക്ടറുടെ സി.എയ്ക്ക്
7. സിസ്റ്റം മാനേജർ / പബ്ളിസിറ്റി ഓഫീസർ
8. കരുതൽ / അധികം